**കേരള സർക്കാർ**
**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് – ഇ.എം.എസ്. സമ്പൂർണ്ണ ഭവന പദ്ധതിയുടെ വായ്പാ തിരിച്ചടവ് – മാർഗനിർദ്ദേശങ്ങൾ നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ (ഡി.ബി)വകുപ്പ്**

സ.ഉ.(സാധാ)നം. 3568/2010/തസ്വഭവ തിരുവനന്തപുരം, തീയതി: 15–11–2010

പരാമർശം: സ.ഉ.(എം.എസ്)നം.207/2009/തസ്വഭവ; തീയതി 07.11.2009

# ഉത്തരവ്

ഇ.എം.എസ്. സമ്പൂർണ്ണ ഭവന പദ്ധതിക്കുവേണ്ടി തദ്ദേശഭരണ സ്ഥാപനങ്ങൾ സഹകരണ ബാങ്കുകളിൽ/സംഘങ്ങളിൽ നിന്നും എടുത്ത വായ്പയുടെ മുതൽ (principal) ഇനത്തിൽ തിരിച്ചടയ്ക്കേണ്ട തുക തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ലഭിക്കേണ്ട പൊതുവിഭാഗം വികസന ഫണ്ടിൽ നിന്ന് സ്രോതസിൽ കുറവുചെയ്ത് (deduction at source) ബന്ധപ്പെട്ട ബാങ്കിന് നൽകുന്നതാണെന്നും വായ്പയുടെ പലിശ സർക്കാർ വഹിക്കുന്നതാണെന്നും പരാമർശത്തിലെ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച മാർഗരേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്. വായ്പയുടെ മുതൽ ഇനത്തിൽ ഓരോ വർഷവും തിരിച്ചടയ്ക്കേണ്ട തുകയും പലിശയും ബന്ധപ്പെട്ട ബാങ്കുകൾക്കും സംഘങ്ങൾക്കും ലഭ്യമാക്കുന്നതിന് സർക്കാർ ചുവടെ വിവരിക്കുന്ന മാർഗനിർദ്ദേശങ്ങൾ നിശ്ചയിച്ച് ഉത്തരവാകുന്നു.

**2. വായ്പയെ സംബന്ധിക്കുന്ന വിവരങ്ങൾ ശേഖരിച്ച് ക്രോഡീകരിക്കൽ**

2.1 വായ്പയുടെ വിശദാംശങ്ങൾ ശേഖരിച്ച് സംസ്ഥാനതലത്തിൽ ക്രോഡീകരിക്കണം. ഓരോ തദ്ദേശഭരണ സ്ഥാപനത്തിന്റേയും വായ്പാതുക, ഇതുവരെ എത്ര ഗഡുക്കൾ കൈപ്പറ്റി, ഓരോ തവണയും കൈപ്പറ്റിയ തുകയും തീയതിയും മുതലായ വിവരങ്ങൾ മൂന്നുമാസത്തിലൊരിക്കലാണ് ശേഖരിക്കേണ്ടത്. 2010 സെപ്റ്റംബർ 30 വരെയുള്ള വിവരങ്ങൾ ഒറ്റത്തവണയായി ഇപ്പോൾ ശേഖരിക്കുകയും തുടർന്ന് ഓരോ മൂന്നുമാസത്തിലൊരിക്കലുമുള്ള വിവരങ്ങൾ തുടർച്ചയായി ശേഖരിക്കുന്നതുമായ രീതി അവലംബിക്കേണ്ടതാണ്. വായ്പയുടെ മുതൽ 10 വർഷക്കാലയളവിലെ വികസനഫണ്ട് വിഹിതത്തിൽ നിന്നും സ്രോതസിൽ കുറവ് ചെയ്ത് സഹകരണ സ്ഥാപനത്തിന് നൽകുന്ന രീതിയിൽ നടപ്പാക്കുന്ന വായ്പാ പദ്ധതിയുടെ വിവരങ്ങൾ മാത്രമെ ഇപ്രകാരം ശേഖരിക്കേണ്ടതുള്ളൂ.

2.2 വായ്പയുടെ മുതൽ ഇനത്തിൽ സ്രോതസിൽ കുറവുചെയ്ത് ഓരോ വർഷവും തിരിച്ചടയ്ക്കേണ്ട തുകയുടെ വിവരങ്ങളും തദ്ദേശഭരണ സ്ഥാപനാടിസ്ഥാനത്തിൽ ശേഖരിക്കണം. മുതൽ ഇനത്തിൽ നടപ്പുവർഷം (2010–11) തിരിച്ചടയ്ക്കേണ്ട തുകയുടെ വിവരങ്ങൾ ഇപ്പോൾ അടിയന്തിരമായും തുടർന്നുള്ള വർഷങ്ങളിലെ വിവരങ്ങൾ പിന്നീടും ശേഖരിക്കേണ്ടതാണ്.

2.3 വായ്പയുടെ പലിശ ഓരോ വർഷവും നാല് പാദങ്ങളിലായി (quarter) സർക്കാർ അനുവദിക്കുമെന്നാണ് ഉത്തരവായിട്ടുള്ളത്. ഓരോ പാദത്തിന്റേയും അവസാന തീയതിയിൽ (ജൂൺ 30, സെപ്റ്റംബർ 30, ഡിസംബർ 31, മാർച്ച് 31) അവശേഷിക്കുന്ന വായ്പാ തുക എത്രയാണോ ആ തുകയ്ക്ക് പലിശ കണക്കാക്കി ക്ളെയിം ചെയ്യുകയും അത് ഓരോ പാദത്തിന്റേയും തൊട്ടടുത്ത മാസം അനുവദിക്കുകയും ചെയ്യുന്ന രീതി അവലംബിക്കണം. 2010–11 സാമ്പത്തിക വർഷത്തെ ആദ്യരണ്ട് പാദങ്ങളിൽ അനുവദിക്കേണ്ട പലിശയുടെ വിവരങ്ങൾ അടിയന്തിരമായി ഇപ്പോഴും നടപ്പുവർഷത്തെ അവസാന രണ്ട് പാദങ്ങളിലേയും തുടർന്നുള്ള ഓരോ വർഷങ്ങളിലേയും കണക്കുകൾ പിന്നീടും ശേഖരിക്കേണ്ടതാണ്.

2.4 മേല്പറഞ്ഞ വിവരങ്ങൾ ശേഖരിച്ച് സർക്കാരിനും കൺട്രോളിംഗ് ഓഫീസർമാർക്കും ലഭ്യമാക്കേണ്ട ചുമതല ഗ്രാമവികസന കമ്മീഷണർക്കായിരിക്കും. തദ്ദേശഭരണ സ്ഥാപനങ്ങൾ ഗ്രാമവികസന കമ്മീഷണർക്ക് വിവരങ്ങൾ റിപ്പോർട്ട് ചെയ്യുന്നതിന് ഈ ഉത്തരവിന്റെ അനുബന്ധമായി നൽകിയിട്ടുള്ള ഫോറം ഉപയോഗിക്കേണ്ടതാണ്. ഇൻഫർമേഷൻ കേരള മിഷൻ തയ്യാറാക്കി ലഭ്യമാക്കുന്ന സോഫ്റ്റ്വെയർ ഉപയോഗിച്ച് വെബ് അധിഷ്ഠിതമായാണ് വിവരങ്ങൾ റിപ്പോർട്ട് ചെയ്യേണ്ടത്. വിവരങ്ങൾ റിപ്പോർട്ട് ചെയ്യുന്നതിനുള്ള ഉത്തരവാദിത്വം തദ്ദേശഭരണ സ്ഥാപന ത്തിന്റെ സെക്രട്ടറിക്കായിരിക്കും

2.5 ഗ്രാമവികസന കമ്മീഷണർ തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്നും വിവരങ്ങൾ ശേഖരിക്കുന്നതിന് സമാന്തരമായി സഹകരണ സംഘം രജിസ്ട്രാറും മേല്പറഞ്ഞ വിവരങ്ങൾ സഹകരണ സ്ഥാപനങ്ങളിൽ നിന്നും ശേഖരിച്ച് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്കും കൺട്രോളിംഗ് ഓഫീസർമാരായ പഞ്ചായത്ത് ഡയറക്ടർ, ഗ്രാമ വികസന കമ്മീഷണർ, നഗരകാര്യ ഡയറക്ടർ, തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ് അഡീഷണൽ സെക്രട്ടറി എന്നിവർക്കും ലഭ്യമാക്കേണ്ടതാണ്. സഹകരണ സംഘം രജിസ്ട്രാർ ലഭ്യമാക്കുന്ന വിവരങ്ങളിൽ പലിശ കണക്കാക്കിയ രീതി കൂടി ഉൾപ്പെടുത്തേണ്ടതാണ്. രണ്ട് മാർഗങ്ങളിലൂടെയും ലഭ്യമാകുന്ന കണക്കുകൾ കൺട്രോളിംഗ് ഓഫീസർമാർ താരതമ്യം ചെയ്ത് റികൺസിലിയേഷൻ നടത്തണം.

3. **വായ്പാ തിരിച്ചടവ്:–** മുതൽ തുക പൊതുവിഭാഗം വികസന ഫണ്ടിന്റെ 2–ാമത്തേയും (ജൂൺ) 7–ാമത്തേയും (നവംബർ) ഗഡുക്കളിൽ നിന്ന് ഓരോ വർഷവും കൺട്രോളിംഗ് ഓഫീസർമാർ കുറവ് ചെയ്ത് സംസ്ഥാന സഹകരണ ബാങ്കിന് നൽകേണ്ടതാണ്. സംസ്ഥാന സഹകരണ ബാങ്ക് ബന്ധപ്പെട്ട സഹകരണ സ്ഥാപനങ്ങൾക്ക് ആ മാസത്തിൽ തന്നെ തുക കൈമാറണം. 2010–11 വർഷത്തെ സംബന്ധിച്ചിടത്തോളം 8–ാമത്തേയും (ഡിസംബർ) 10–ാമത്തേയും (ഫെബ്രുവരി) ഗഡുക്കളിൽ നിന്ന് കുറവ് ചെയ്ത് അനുവദിക്കേണ്ടതാണ്.

4. **പലിശ ഒടുക്കൽ**

4.1 ഖണ്ഡിക 2.3–ൽ പ്രതിപാദിച്ചിട്ടുള്ളത് പ്രകാരം ഓരോ പാദത്തിലും അനുവദിക്കേണ്ട പലിശ യഥാക്രമം ജൂലൈ, ഒക്ടോബർ, ജനുവരി, ഏപ്രിൽ മാസങ്ങളിൽ 15–ാം തീയതിക്കകം സംസ്ഥാന സഹകരണ ബാങ്കിന് കൺട്രോളിംഗ് ഓഫീസർമാർ മുഖേന അനുവദിക്കുന്നതാണ്. സംസ്ഥാന സഹകരണ ബാങ്ക് ആ മാസത്തിൽ തന്നെ ബന്ധപ്പെട്ട സഹകരണ സ്ഥാപനങ്ങൾക്ക് തുക കൈമാറണം.

4.2 സഹകരണ സംഘം രജിസ്ട്രാർ സഹകരണ സ്ഥാപനങ്ങളിൽ നിന്നും ശേഖരിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ സംസ്ഥാന സഹകരണ ബാങ്ക് പലിശ അനുവദിക്കുന്നതിനുള്ള ക്ളെയിം സർക്കാരിന് സമർപ്പിക്കണം. ക്ലെയിമുകൾ ജൂലൈ, ഒക്ടോബർ, ജനുവരി, ഏപ്രിൽ മാസങ്ങളിൽ 5–ാം തീയതിക്ക് മുൻപായി തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്കും കൺട്രോളിംഗ് ഓഫീസർമാർക്കും സമർപ്പിക്കേണ്ടതാണ്. കൺട്രോളിംഗ് ഓഫീസർമാർ, സംസ്ഥാന സഹകരണ ബാങ്ക് സമർപ്പിക്കുന്ന ക്ലെയിമുകൾ ഖണ്ഡിക 2.5–ൽ പ്രദിപാദിച്ചിട്ടുള്ളത് പ്രകാരം റികൺസിലിയേഷൻ നടത്തിയ കണക്കുകൾക്ക് അനുസൃതമാണെന്ന് ഉറപ്പാക്കേ ണ്ടതും പലിശ അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ തയ്യാറാക്കി തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് 8–ാം തീയതിക്കകം നൽകേണ്ടതുമാണ്. റികൺസിലിയേഷൻ നടത്തിയ കണക്കുകളുടെ അടിസ്ഥാനത്തിലുള്ള പലിശയാണ് നൽകുന്നതെന്നുള്ള കൺട്രോളിംഗ് ഓഫീസർമാരുടെ സാക്ഷ്യപത്രം ഉൾപ്പെടെയാണ് ഓരോ തവണത്തേയും പലിശ അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പി ക്കേണ്ടത്.

4.3 നടപ്പുവർഷത്തെ (2010–11) ആദ്യ രണ്ട് പാദങ്ങളിലെ പലിശ ഒരുമിച്ച് ഒറ്റത്തവണയായി ഡിസംബർ 15–നകം അനുവദിക്കുന്നതാണ്. സംസ്ഥാന സഹകരണ ബാങ്ക് ഇതിനുള്ള ക്ളെയിം നവംബർ 30–നകം സർക്കാരിനും കൺട്രോളിംഗ് ഓഫീസർമാർക്കും സമർപ്പിക്കേണ്ടതാണ്.

## 5. വായ്പയുടെ മുതൽ തദ്ദേശഭരണ സ്ഥാപനം നേരിട്ട് ബാങ്കിന് തിരിച്ചടയ്ക്കുന്ന രീതിയിൽ വ്യവസ്ഥ ചെയ്ത് നടപ്പാക്കി വരുന്ന വായ്പാ പദ്ധതികൾ

5.1 ഇത്തരം പദ്ധതികളുടെ മുതൽ തുക തദ്ദേശഭരണ സ്ഥാപനം ബാങ്കിൽ നേരിട്ട് അടയ്ക്കുക തന്നെ വേണം. അത് സ്രോതസിൽ കുറവ് ചെയ്ത് നൽകുന്നതല്ല.

5.2 ഇ.എം.എസ്. ഭവന പദ്ധതി സർക്കാർ പ്രഖ്യാപിച്ച് ഉത്തരവായ 14.05.2007–ന് ശേഷം ബാങ്കുകളുമായി കാരാറിൽ ഏർപ്പെട്ട വായ്പയുടെ പലിശ സർക്കാർ വഹിക്കുന്നതാണ്. അതിന് മുൻപുള്ള വായ്പയുടെ പലിശ സർക്കാർ വഹിക്കുന്നതല്ല.

5.3 ഇ.എം.എസ്. ഭവന പദ്ധതിയുടെ പലിശ നിരക്ക് 10 ശതമാനമായിരിക്കുമെന്ന് 2009–ലാണ് സർക്കാർ നിശ്ചയിച്ചത്. അതിനു മുൻപ് 10 ശതമാനത്തിന് താഴെയുള്ള നിരക്കിൽ എടുത്ത വായ്പകളുടെ പലിശ നിരക്ക് 10 ശതമാനമായി വർദ്ധിപ്പിക്കുന്ന തല്ല. അന്ന് നിലവിലുണ്ടായിരുന്ന നിരക്ക് പ്രകാരം കരാറിൽ ഏർപ്പെട്ട പലിശ മാത്രമെ സർക്കാർ അനുവദിക്കുകയുള്ളൂ.

5.4 ഇവയുടെ പലിശ അനുവദിക്കുന്നതിന് താഴെപ്പറയുന്ന രീതി അവലംബി ക്കേണ്ടതാണ്.

(1) തനത് ഫണ്ട് വിനിയോഗിച്ച് തദ്ദേശഭരണ സ്ഥാപനങ്ങൾ ആദ്യം ബാങ്കിന് പലിശ നൽകുകയും തുടർന്ന് അതിന്റെ വിവരങ്ങൾ ഗ്രാമവികസന കമ്മീഷണർ മുഖേന സർക്കാരിന് സമർപ്പിക്കുകയും വേണം.

(2) ഈ കണക്കുകൾ സർക്കാർ പരിശോധിച്ചതിനുശേഷം കൺട്രോളിംഗ് ഓഫീസർമാർ മുഖേന തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് തുക അനുവദിക്കുന്നതാണ്. പിഴപ്പലിശ അനുവദിക്കുന്നതല്ല.

(3) 2010 ഡിസംബർ 31 വരെയുള്ള പലിശ ഒറ്റത്തവണയായി ഗ്രാമ വികസന കമ്മീഷണർക്ക് ക്ളെയിം ചെയ്യേണ്ടതാണ്.

(4) തുടർന്ന് ഓരോ പാദത്തിലേയും അവസാന തീയതിയിൽ അവശേഷിക്കുന്ന വായ്പാ തുകയുടെ പലിശ ആ തീയതിവച്ച് കണക്കാക്കി തനത് ഫണ്ട് വിനിയോഗിച്ച് ആദ്യം തദ്ദേശഭരണ സ്ഥാപനം ബാങ്കിൽ ഒടുക്കുകയും തുക ഒടുക്കിയതിനുശേഷം ഗ്രാമ വികസന കമ്മീഷണർക്ക് ക്ലെയിം ചെയ്യുകയും വേണം.

(5) ഇത്തരം ഭവന പദ്ധതികളുടെ പലിശ ചില ഗുണഭോക്താക്കൾ ഭാഗികമായി ബാങ്കിൽ ഒടുക്കിയിട്ടുണ്ട്. ഗുണഭോക്താക്കൾ ബാങ്കിൽ ഒടുക്കിയ പലിശ, സർക്കാരിൽ നിന്നും തുക അനുവദിച്ചുകിട്ടുമ്പോൾ തദ്ദേശഭരണ സ്ഥാപനങ്ങൾ ഗുണഭോക്താക്കൾക്ക് മടക്കി നൽകേണ്ടതാണ്.

5.5 മേല്പറഞ്ഞ ഭവന പദ്ധതികളുടെ വിവരങ്ങൾ ഗ്രാമവികസന കമ്മീഷണർ തദ്ദേശഭരണ സ്ഥാപനാടിസ്ഥാനത്തിൽ ശേഖരിച്ച് സർക്കാരിന് ലഭ്യമാക്കേണ്ടതാണ്.

## 6. മറ്റിനങ്ങൾ

6.1 പലിശ ഇനത്തിൽ ഓരോ വർഷവും വിവിധ സഹകരണ സ്ഥാപനങ്ങൾക്ക് നൽകേണ്ട തുക അതത് വർഷത്തെ സംസ്ഥാന ബജറ്റിൽ വകയിരുത്തുന്നതിനുള്ള പ്രൊപ്പോസൽ ധനകാര്യ വകുപ്പിന് നൽകുവാൻ കൺട്രോളിംഗ് ഓഫീസർമാർ നടപടി സ്വീകരിക്കേണ്ടതാണ്.

6.2 തദ്ദേശഭരണ സ്ഥാപനം തിരിച്ചടയ്ക്കേണ്ട വായ്പയുടെ പലിശ മാത്രമേ സർക്കാർ അനുവദിക്കുകയുള്ളൂ. ഗുണഭോക്താവ് മുതൽ തിരിച്ചടയ്ക്കുന്ന രീതിയിൽ ബാങ്കിൽ നിന്നും കൂടുതൽ തുക ലഭ്യമാക്കിയിട്ടുണ്ടെങ്കിൽ അത്തരം വായ്പയുടെ തിരിച്ചടവിന് വേണ്ട തുകയോ അതിന്റെ പലിശയോ സർക്കാർ അനുവദിക്കുന്നതല്ല. തദ്ദേശഭരണ സ്ഥാപനങ്ങളും ഇവ അനുവദിക്കാൻ പാടില്ല.

6.3 തദ്ദേശഭരണസ്ഥാപനം തന്നെ നേരിട്ട് വായ്പാ തുക തിരിച്ചടയ്ക്കുന്ന രീതിയിലും കഴിഞ്ഞ ഭരണസമിതിയുടെ കാലയളവിൽ തിരിച്ചടവ് പൂർണ്ണമാകുന്ന രീതിയിലും എടുത്ത വായ്പകൾ 10 വർഷക്കാലയളവിലെ വായ്പയാക്കി മാറ്റി കൂടുതൽ തുക ലഭ്യമാക്കി സമ്പൂർണ്ണ ഭവന പദ്ധതി നടപ്പാക്കുന്നതിനുള്ള സാധ്യത പരിശോധിക്കണ

മെന്ന് പരാമർശത്തിലെ ഉത്തരവിന്റെ ഖണ്ഡിക 23.7–ൽ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ രണ്ട് വായ്പകളും സംയോജിപ്പിക്കുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുണ്ടെന്നാണ് സഹകരണ ബാങ്കുകളും തദ്ദേശഭരണ സ്ഥാപനങ്ങളും റിപ്പോർട്ട് ചെയ്തിട്ടുള്ളത്. ഈ സാഹചര്യത്തിൽ രണ്ട് വായ്പകളും സംയോജിപ്പിച്ച് ഒറ്റപ്പദ്ധതിയായി നടപ്പാക്കണമെന്ന് നിർബന്ധമില്ലെന്ന് വ്യക്തമാക്കുന്നു. ആദ്യവായ്പ യുടെ തിരിച്ചടവ് കരാർ പ്രകാരമുള്ള കാലയളവിൽ പൂർത്തിയാക്കേണ്ടതാണ്. ആദ്യ പദ്ധതി തുടരുന്നതിനോടൊപ്പമോ അതല്ലെങ്കിൽ ആദ്യപദ്ധതി പൂർത്തിയാക്കിയതിനു ശേഷമോ പുതിയ വായ്പാ പദ്ധതി നടപ്പാക്കാവുന്നതാണ്.

6.4 സംസ്ഥാന സഹകരണ ബാങ്കിന് നൽകുന്ന മുതലും പലിശയും ബന്ധപ്പെട്ട സഹകരണ സ്ഥാപനങ്ങൾക്ക് കൈമാറിയതിന്റെ വിശദാംശങ്ങൾ സംസ്ഥാന സഹകരണ ബാങ്ക് അതത് മാസങ്ങളിൽ തന്നെ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് ലഭ്യമാക്കേണ്ടതാണ്.

6.5 ഗുണഭോക്താക്കൾക്ക് ധനസഹായം നൽകുവാൻ ആവശ്യാനുസരണമുള്ള തുക മാത്രമേ ബാങ്കിൽ നിന്നും തദ്ദേശഭരണ സ്ഥാപനത്തിന്റെ അദ്ധ്യക്ഷന്റെയും നിർവഹണ ഉദ്യോഗസ്ഥന്റെയും പേരിലുള്ള സംയുക്ത അക്കൗണ്ടിലേയ്ക്ക് ലഭ്യമാക്കാൻ പാടുള്ളൂവെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ചില തദ്ദേശഭരണ സ്ഥാപനങ്ങൾ ആവശ്യമുള്ളതിൽ കൂടുതൽ തുക അക്കൗണ്ടിലേയ്ക്ക് ലഭ്യമാക്കുകയും തുക വിനിയോഗിക്കാതെ സൂക്ഷിച്ചിട്ടുള്ളതായും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സർക്കാരിന് അനാവശ്യ പലിശ ബാധ്യത വരുത്തിവയ്ക്കും വിധം തുക സൂക്ഷിച്ചിട്ടുള്ളതായി പരിശോധനയിൽ കണ്ടെത്തുന്ന തദ്ദേശഭരണ സ്ഥാപനങ്ങളുടെ സെക്രട്ടറിമാരിൽ നിന്നും നിർവഹണ ഉദ്യോഗസ്ഥരിൽ നിന്നും അനാവശ്യമായി നൽകേണ്ടി വരുന്ന പലിശയ്ക്ക് തുല്യമായ തുക ഈടാക്കുന്നതാണെന്ന് വ്യക്തമാക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

**എസ്.എം.വിജയാനന്ദ്**
പ്രിൻസിപ്പൽ സെക്രട്ടറി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

1 എല്ലാ ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2 എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
3 എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4 എല്ലാ മുനിസിപ്പൽ ചെയർപേഴ്സൻമാർക്കും സെക്രട്ടറിമാർക്കും
5 എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
6 എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൺമാർക്കും
7 സെക്രട്ടറി, സഹകരണ വകുപ്പ്
8 രജിസ്ട്രാർ, സഹകരണസംഘം
9 പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
10 ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
11 ഡയറക്ടർ, കേരളാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ
12 നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
13 മാനേജിംഗ് ഡയറക്ടർ, സംസ്ഥാന സഹകരണ ബാങ്ക്
14 ഡയറക്ടർ, സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്മെന്റ്, കൊട്ടാരക്കര
15 എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
16 എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
17 ചീഫ് എൻജിനീയർ, തദ്ദേശസ്വയംഭരണവകുപ്പ്
18 എല്ലാ ജില്ലാ ആസൂത്രണ സമിതി മെമ്പർ സെക്രട്ടറിമാർക്കും (ജില്ലാ കളക്ടർമാർ)
19 എല്ലാ ദാരിദ്ര്യ ലഘൂകരണ യൂണിറ്റ് പ്രോജക്ട് ഡയറക്ടർമാർക്കും
20 എല്ലാ കുടുംബശ്രീ ജില്ലാ മിഷൻ കോ–ഓർഡിനേറ്റർമാർക്കും
21 എല്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർമാർക്കും (ജനറൽ)

22 എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
23 എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
24 എല്ലാ അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ(ജനറൽ)മാർക്കും
25 എല്ലാ നഗരകാര്യ മേഖലാജോയിന്റ് ഡയറക്ടർമാക്കും
26 ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം
27 സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
28 ജനറൽ സെക്രട്ടറി, കേരളാഗ്രാമപഞ്ചായത്ത് അസോസിയേഷൻ
29 സെക്രട്ടറി, കേരളാബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ
30 സെക്രട്ടറി, മുൻസിപ്പൽ ചെയർമാൻമാരുടെ ചേമ്പർ
31 സെക്രട്ടറി, ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാരുടെ ചേമ്പർ
32 അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം
33 ഓഫീസ് കോപ്പി/കരുതൽ ഫയൽ

പകർപ്പ്:-

1. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. സഹകരണ വകുപ്പുമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
3. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ ഓഫീസ്
3. തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ ഓഫീസ്
4. തദ്ദേശസ്വയംഭരണ ഡി.എ/ഡി.സി/ഡി.ഡി/എഫ്.എം സെക്ഷനുകൾക്ക്

അനുബന്ധം

# ഇ.എം.എസ്.സമ്പൂർണ ഭവന പദ്ധതി

തദ്ദേശഭരണ സ്ഥാപനങ്ങൾ വായ്പയുടെ വിവരങ്ങൾ റിപ്പോർട്ട് ചെയ്യുന്നതിനുള്ള ഫോറം

തദ്ദേശഭരണ സ്ഥാപനത്തിന്റെ പേര്:................................................ ജില്ല:...........................................

**ഭാഗം – 1 : വായ്പയുടെ പൊതുവായ വിവരങ്ങളും 2010 സെപ്റ്റംബർ 30 വരെ കൈപ്പറ്റിയ തുകയും**

(തുക രൂപയിൽ)

| ക്രമ നം. | ഇനം | | വിവരങ്ങൾ രേഖപ്പെടുത്തേണ്ട ഭാഗം | | |
|---|---|---|---|---|---|
| 1 | വായ്പയെടുക്കുന്നതിന് സർക്കാർ അനുമതി ലഭിച്ചിട്ടുണ്ടോ? | | ഉണ്ട്/ഇല്ല | | |
| 2 | വായ്പയെടുക്കുന്നതിന് സർക്കാർ അനുമതി ലഭിച്ച ഉത്തരവിന്റെ നമ്പരും തീയതിയും | | നമ്പർ: ..............................<br>തീയതി: .............................. | | |
| 3 | വായ്പയെടുക്കുന്നതിന് സർക്കാർ അനുമതി ലഭിച്ച ആകെ തുക | | : .................................................... രൂപ | | |
| 4 | വായ്പ ലഭ്യമാക്കിയിട്ടുണ്ടോ? | | ഉണ്ട്/ഇല്ല | | |
| **5** | **വായ്പയുടെ വിവരങ്ങൾ** | | **ബാങ്ക് 1** | **ബാങ്ക് 2** | **ബാങ്ക് 3** |
| 5.1 | വായ്പ ലഭ്യമാക്കിയ ബാങ്കിന്റെ/ സംഘത്തിന്റെ പേരും ബ്രാഞ്ചിന്റെ പേരും (ഒന്നിലേറെ ബാങ്കുകളിൽ നിന്നും വായ്പയെടുത്തിട്ടുണ്ടെങ്കിൽ ബന്ധപ്പെട്ട എല്ലാ സ്ഥാപനങ്ങളുടെയും വിവരങ്ങൾ നൽകണം) | | | | |
| 5.2 | ബാങ്കുമായി കരാറിൽ ഏർപ്പെട്ട തീയതി | | | | |
| 5.3 | പലിശ നിരക്ക് | | ..... % | ..... % | ..... % |
| 5.4 | തിരിച്ചടവ് കാലയളവ് | | ........... വർഷം | .......... വർഷം | ......... വർഷം |
| 5.5 | വായ്പാ തുക (തദ്ദേശഭരണ സ്ഥാപനവും ബാങ്കും തമ്മിൽ കരാറിൽ ഏർപ്പെട്ട തുക) | | | | |
| 5.6 | 2010 സെപ്റ്റംബർ 30 വരെ തദ്ദേശഭരണ സ്ഥാപനം കൈപ്പറ്റിയ തുക (ഓരോ തവണയും കൈപ്പറ്റിയ തുക ഓരോ വരിയിലായി രേഖപ്പെടുത്തണം) | | X | X | X |
| | 1 | തീയതി | | | |
| | | തുക | | | |
| | 2 | തീയതി | | | |
| | | തുക | | | |
| | 3 | തീയതി | | | |
| | | തുക | | | |
| | 4 | തീയതി | | | |
| | | തുക | | | |
| | 5 | തീയതി | | | |
| | | തുക | | | |
| | ആകെ | | | | |
| 5.7 | മുതൽ ഇനത്തിൽ 2010–11–ൽ തിരിച്ചടയ്ക്കേണ്ട തുക (2010–11–ലെ പൊതു വിഭാഗം വികസനഫണ്ടിൽ നിന്ന് സ്രോതസിൽ കുറവുചെയ്ത് ബന്ധപ്പെട്ട ബാങ്കിന് നൽകേണ്ട തുക) | | | | |

**ഭാഗം – 2 : 2010 ഒക്ടോബർ മുതൽ ഓരോ പാദത്തിലും കൈപ്പറ്റുന്ന തുകയുടെ വിവരങ്ങൾ**

പാദം (quarter) : ........................................................ (ഉദാ: 2010 ഒക്ടോബർ–ഡിസംബർ)

(തുക രൂപയിൽ)

| ക്രമ നം. | ഇനം | | വിവരങ്ങൾ രേഖപ്പെടുത്തേണ്ട ഭാഗം | | |
|---|---|---|---|---|---|
| | | | ബാങ്ക് – 1 | ബാങ്ക് – 2 | ബാങ്ക് – 3 |
| 5.8 | വായ്പ ലഭ്യമാക്കിയ ബാങ്കിന്റെ/ സംഘത്തിന്റെ പേരും ബ്രാഞ്ചിന്റെ പേരും | | | | |
| 5.9 | മുൻപാദത്തിൽ (previous quarter) കൈപ്പറ്റിയ തുക | | | | |
| | 1 | തീയതി | | | |
| | | തുക | | | |
| | 2 | തീയതി | | | |
| | | തുക | | | |
| | 3 | തീയതി | | | |
| | | തുക | | | |
| | ആകെ | | | | |

കുറിപ്പ്:
1. സോഫ്റ്റ്‌വെയർ ആപ്ലിക്കേഷൻ ഉപയോഗിച്ച് വെബ് അധിഷ്ഠിതമായാണ് വിവരങ്ങൾ റിപ്പോർട്ട് ചെയ്യേണ്ടത്.
2. ഭാഗം 1–ലെ വിവരങ്ങൾ ഒറ്റത്തവണയായി 2010 നവംബർ 25–നകം റിപ്പോർട്ട് ചെയ്യണം.
3. 2010 ഒക്ടോബർ മുതൽ ഓരോ പാദത്തിലേയും വിവരങ്ങൾ അടുത്ത മാസം 1–ാം തീയതി തന്നെ ഭാഗം 2–ൽ റിപ്പോർട്ട് ചെയ്യണം. അതായത് 2010–11–ലെ മൂന്നാം പാദത്തിലെ (ഒക്ടോബർ–ഡിസംബർ) വിവരങ്ങൾ ജനുവരി 1–നും, 4–ാം പാദത്തിലെ (ജനുവരി–മാർച്ച്) വിവരങ്ങൾ ഏപ്രിൽ 1–നും എന്ന രീതിയിൽ തുടർച്ചയായി റിപ്പോർട്ട് ചെയ്യണം.
4. വായ്പയുടെ മുതൽ 10 വർഷക്കാലയളവിലെ വികസനഫണ്ട് വിഹിതത്തിൽ നിന്നും സ്രോതസിൽ കുറവ് ചെയ്ത് സഹകരണ സ്ഥാപനത്തിന് നൽകുന്ന രീതിയിൽ നടപ്പാക്കുന്ന വായ്പാ പദ്ധതിയുടെ വിവരങ്ങൾ മാത്രമെ റിപ്പോർട്ട് ചെയ്യേണ്ടതുള്ളൂ.
5. വായ്പയുടെ മുതൽ തദ്ദേശഭരണ സ്ഥാപനം നേരിട്ട് ബന്ധപ്പെട്ട ബാങ്കിന് നൽകുന്ന രീതിയിൽ ആവിഷ്കരിച്ച് നടപ്പാക്കി വരുന്ന വായ്പാ പദ്ധതിയുടെ വിവരങ്ങൾ ഈ ഫോറത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതില്ല.
6. വായ്പ എടുത്തിട്ടില്ലാത്ത തദ്ദേശഭരണ സ്ഥാപനങ്ങൾ ആ വിവരം ഇനം 4–ൽ രേഖപ്പെടുത്തി റിപ്പോർട്ട് ചെയ്യണം.
7. വിവരങ്ങളുടെ കൃത്യത ഉറപ്പാക്കിയതിനുശേഷം മാത്രമെ സെർവറിലേക്ക് ഡാറ്റാ അയയ്ക്കാൻ പാടുള്ളൂ. വിവരങ്ങൾ രേഖപ്പെടുത്തിയതിനുശേഷം അതിന്റെ പ്രിന്റ് എടുത്ത് പരിശോധിക്കുന്നതിനുള്ള സൗകര്യം ഉണ്ടായിരിക്കുന്നതാണ്. സെർവറിലേക്ക് ഡാറ്റാ അയച്ചുകഴിഞ്ഞാൽ തദ്ദേശഭരണ സ്ഥാപന തലത്തിൽ തിരുത്തൽ (edit) വരുത്താൻ കഴിയുന്നതല്ല.

*******